Rediffusion/Edelman

**Publication:** Veekshanam
**Date:** 8/10/2013
**Edition:** Kochi
**Page no.:** 09
**Headline:** TCS IT Wiz Quiz: Eroor Bhavans Vidya Mandir and Kakkanad Bhavans Adarsha win

# ടിസിഎസ് ഐടി വിസ് ക്വിസ്: എരൂർ ഭവൻസ് വിദ്യാമന്ദിറും കാക്കനാട് ഭവൻസ് ആദർശയും വിജയികൾ

കൊച്ചി: ടാറ്റാ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ സച്ചിൻ എസ്., അഭിജിത് മേനോൻ സഖ്യം വിജയികളായി. കാക്കനാട് ഭവൻസ് ആദർശവിദ്യാലയത്തിലെ കാർത്തിക് ഗണപതി-വാസുദേവ് ചക്രവർത്തി സഖ്യത്തിനാണ് രണ്ടാം സ്ഥാനം.



ടാറ്റാ കസൾ'ൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ് ക്വിസ് മത്സരത്തിൽ വിജയികളായ എരൂർ ഭവൻസ് വിദ്യാ മന്ദിറിലെ സച്ചിൻ എസ്., അഭിജിത് മേനോൻ എിവർ സംസ്ഥാന പ്ലാനിംഗ് ബോർഡംഗം ജി.വിജയരാഘവനിൽ നിും ട്രോഫി സ്വീകരിക്കു. ടിസിഎസ് കൊച്ചി സെന്റർ മേധാവി സന്തോഷ് സി.കുറുപ്പ്. ടിസിഎസ് വൈസ് പ്രസിഡന്റ് സുധീർ വാര്യർ. ക്വിസ് മാസ്റ്റർ ഗിരി ബാലസുബ്രമണ്യം എിവർ സമീപം.

ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റർ സ്കൂൾ ഐടി ക്വിസ് മത്സരമാണ് ടിസിഎസ് ഐടി വിസ്. കൊച്ചിക്ക് പുറമേ ആലപ്പുഴ, ആലുവ, കോഴിക്കോട്, ഗുരുവായൂർ, ഇടുക്കി, ഇരിങ്ങാലക്കുട, കാസർഗോഡ്, കണ്ണൂർ, കൊല്ലം, കോട്ടയം, മലപ്പുറം, മൂന്നാർ, പാലക്കാട്, പത്തനംതിട്ട, തിരുവല്ല, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നുള്ള സ്കൂളുകളിൽ നിന്നായി 1600-ൽ അധികം കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാനെത്തിയിരുന്നു. വിജയികൾക്ക് പുറമെ പൈങ്ങോട്ടൂർ സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിലെ ബ്രിട്ടോ സാബു, കെവിൻ ജോർജ്, തൃശൂർ ഹരിശ്രീ വിദ്യാനിധിയിലെ ഹരിശങ്കർ പ്രദീപ്, ശ്യാം കെ.പിഷാരടി, തിരുവനന്തപുരം ലൊയോള സ്കൂളിലെ ഹരി നായർ എസ്., സച്ചിൻ ആർ., തൃശൂർ ഭവൻസ് വിദ്യാമന്ദിറിലെ അഖിലേഷ് ബാലകൃഷ്ണൻ, സമീർ ജെ. എന്നിവരാണ് ഫൈനലിലെത്തിയ ടീമുകൾ.

ക്വിസിലെ ഒന്നാം സ്ഥാനക്കാർക്ക് ഐപാഡും, രണ്ടാം സ്ഥാനക്കാർക്ക് ഗാലക്സി ടാബ്ലെറ്റും സമ്മാനമായി ലഭിച്ചു. ദേശീയ തലത്തിൽ നടക്കുന്ന സ്മാർട്ട് ടെക് വിസാർഡ് 2013 മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ടീമുകൾ കേരളത്തെ പ്രതിനിധീകരിക്കും. വിജയികൾക്ക് കേരള സംസ്ഥാന പ്ലാനിംഗ് ബോർഡംഗം ജി. വിജയരാഘവനും, ടാറ്റാ കൺസൾട്ടൻസി കൊച്ചി സെന്റർ മേധാവി സന്തോഷ് സി. കുറുപ്പും സമ്മാനങ്ങൾ വിതരണം ചെയ്തു. സ്മാർട്ട് ടെക് വിസാർഡിനെ കണ്ടെത്തുന്നതിനുള്ള ഈ വർഷത്തെ ടിസിഎസ് ഐടി വിസ് ക്വിസ് മത്സരം രാജ്യത്തെങ്ങുമായി 14 കേന്ദ്രങ്ങളിലാണ് സംഘടിപ്പിക്കുന്നത്.

ഇരുപതുചോദ്യങ്ങൾ അടങ്ങിയ പ്രാഥമിക എഴുത്തുപരീക്ഷയാണ് എല്ലാ ടീമുകളും നേരിട്ടത്. ഏറ്റവും മുൻപന്തിയിൽ വന്ന ആറു ടീമുകൾക്ക് പ്രാദേശിക ഫൈനലിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു.പിക് ബ്രെയിൻ എന്നറിയപ്പെടുന്ന ക്വിസ്മാസ്റ്റർ ഗിരി ബാലസുബ്രമണ്യവും സംഘവും രൂപപ്പെടുത്തിയ ആനിമേഷൻ അടിസ്ഥാനമാക്കിയ ക്വിസ് സോഫ്റ്റ്വെയറായിരുന്നു മത്സരങ്ങളുടെ പ്രത്യേകത.